ടോൾസ്റ്റോയ് കഥകൾ



# കുരുവിയും മീവൽപക്ഷിയും

• പുനരാഖ്യാനം: **അനിൽകുമാർ തിരുവോത്ത്**

ഒരു ദിവസം ഞാൻ മുറ്റത്തിരുന്ന്, മേൽക്കൂരയിലുള്ള മീവൽ പക്ഷിയുടെ കൂട് നിരീക്ഷിക്കുകയായിരുന്നു. ഞാൻ നോക്കിക്കൊണ്ടിരിക്കെ രണ്ട് മീവൽപക്ഷികളും ദൂരേക്ക് പറന്നുപോയി, കൂട് ശൂന്യമായി.

മീവൽപക്ഷി പോയ ഉടനെ മേൽക്കൂരയിൽ നിന്ന് ഒരു കുരുവി ചിറകടിച്ചു. കൂടിനുമേൽ വന്നിരുന്ന് ചുറ്റും നോക്കി തന്റെ ചെറിയ ചിറകൊതുക്കി മീവൽപക്ഷിയുടെ കൂട്ടിലേക്ക് പറന്നിറങ്ങി. തല പുറത്തേക്കിട്ട് ചിലക്കാൻ തുടങ്ങി.

വൈകാതെ ഒരു മീവൽപക്ഷി തിരികെ വന്നു. കൂട്ടിനകത്തേക്ക് കയറാൻ തുടങ്ങിയപ്പോൾ ഒരു ക്ഷണിക്കപ്പെടാത്ത അതിഥിയെ കണ്ട് ഉച്ചത്തിൽ ശബ്ദിച്ച്, ചിറകടിച്ച് കുറച്ചു നേരം വായുവിൽനിന്ന് പിന്നെ പറന്നകന്നു.

കുരുവി കൂട്ടിൽത്തന്നെ നിന്ന് തന്റെ ചിലപ്പ് തുടർന്നു. പിന്നെ ഒരു കൂട്ടം മീവൽപക്ഷികൾ കൂടിനു നേരെ പറന്നുവന്ന് കുരുവിയെ ഒന്ന് നോക്കി വീണ്ടും പറന്നുപോയി.

കുരുവിക്ക് ഒരു പരിഭ്രമവും ഇല്ല. അത് തല പുറത്തേക്കിട്ട് അങ്ങോട്ടുമിങ്ങോട്ടുമിളക്കി, പാട്ടുപാടി.

മീവൽപക്ഷികൾ വീണ്ടും വന്ന്, കൂട്ടിലേക്കെന്തോ ഇട്ട് വീണ്ടും പറന്നുപോയി.

അവയുടെ വരവിനും പോക്കിനും ഒരു കാരണമുണ്ടായിരുന്നു. അവയുടെ ഓരോ വരവിനും അവരുടെ കൊക്കിൽ കുറച്ച് ചെളിയുണ്ടായിരുന്നു. ആ ചെളി ക്രമേണ ക്രമേണ കൂടിന്റെ കവാടം അടച്ചുകളഞ്ഞു.

അവ അങ്ങോട്ടുമിങ്ങോട്ടും പറന്നു, കൂട് കൂടുതൽ ചെളികൊണ്ട് നിറഞ്ഞു. കൂടിന്റെ കവാടം ചെറുതായി ചെറുതായി വന്നു.

ആദ്യം കുരുവിയുടെ കഴുത്ത് കണ്ടു, പിന്നെ തല കണ്ടു. പിന്നെ കൊക്കുമാത്രം, പിന്നെ അതും കാണാതായി. മീവൽ പക്ഷികൾ കൂടിനകത്ത് ഒരു മതിൽ പണിയുകയും ശക്തമായ ചിറകടിയോടെ ആ വീടിനു ചുറ്റും പറന്നു നടക്കുകയും ചെയ്തു.

✦

▸▸ കേരളത്തിലെ ആദ്യത്തെ സമ്പൂർണ വൈദ്യുതീകൃത ജില്ല– പാലക്കാട്